**15 –ാം കേരള നിയമസഭ**

**12 –ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2078** **14-10-2024 - ൽ മറുപടിയ്ക്ക്**

**പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ വിജിലൻസിന് ലഭിക്കുന്ന പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിജിലൻസ് മാനുവൽ അനുസരിച്ച് പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ ലഭിക്കുന്ന പരാതികളിൻമേൽ തുടർ നടപടികൾ സ്വീകരിക്കുവാൻ വിജിലൻസിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | അധികാരമുണ്ട്. |
| (ബി) | പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ ലഭിച്ച പരാതികളിൻമേൽ അന്വേഷണം നടത്തുകയും പരാതിയിൽ പ്രതിപാദിക്കുന്ന ആളുകളെ നോട്ടീസ് നൽകാതെ വിളിച്ച് വരുത്തുകയും അവരുടെയും കുടുംബാംഗങ്ങളുടെയും വ്യക്തിഗത ബാങ്ക് അക്കൗണ്ടുകൾ ഉൾപ്പടെയുള്ള സ്വകാര്യ രേഖകൾ പരിശോധിക്കുകയും ചെയ്യാൻ വിജിലൻസിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | പരാതിക്കാരന്റെ നിജസ്ഥിതി വ്യക്തമാകാത്ത പരാതികളിൽ ഉള്ളടക്കത്തെപ്പറ്റി വിശദമായ പ്രാഥമിക പരിശോധന നടത്തിയ ശേഷം വിജിലൻസ് നിയമാനുസൃതമായ നടപടി സ്വീകരിക്കുകയാണ് ചെയ്തുവരുന്നത്. |
| (സി) | സംസ്ഥാനത്ത് പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ ലഭിച്ച എത്ര പരാതികളിൻമേൽ 2016 മുതൽ വിജിലൻസ് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (സി) | ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | 2016 മുതൽ സംസ്ഥാനത്ത് പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ ലഭിച്ച എത്ര പരാതികളിൽ മേൽ വിജിലൻസ് സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ കോടതി നടപടികൾ നടക്കുന്നുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ഡി) | ഒരു പരാതിയിലും കോടതി നടപടികൾ നടക്കുന്നില്ല. |
| (ഇ) | 2016 മുതൽ സംസ്ഥാനത്ത് പരാതിക്കാരന്റെ നിജസ്ഥിതി ബോധ്യപ്പെടാതെ ലഭിച്ച എത്ര പരാതികളിൽ മേൽ വിജിലൻസ് സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ കോടതി ശിക്ഷ വിധിച്ചിട്ടുണ്ട് എന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ? | (ഇ) | ബാധകമല്ല |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**സംസ്ഥാനത്ത് പരാതിക്കാരന്റെ നിജസ്ഥിതി ബോദ്ധ്യപ്പെടാതെ(ഊമക്കത്ത്) ലഭിച്ച പരാതികൾ സംബന്ധിച്ച വിവരം**

| ക്രമ നമ്പർ | യൂണിറ്റ്/ജില്ല | 2016 മുതൽ നിജസ്ഥിതി ബോദ്ധ്യപ്പെടാതെ ലഭിച്ച ആകെ പരാതികളുടെ എണ്ണം | വിജിലൻസ് നടപടി സ്വീകരിച്ചിട്ടുള്ള പരാതികളുടെ എണ്ണം * |
|---|---|---|---|
| 1 | കാസർഗോഡ് | 0 | 0 |
| 2 | കണ്ണൂർ | 87 | 48 |
| 3 | ഉത്തരമേഖല കോഴിക്കോട് | 187 | 34 |
| 4 | കോഴിക്കോട് യൂണിറ്റ് | 69 | 30 |
| 5 | മലപ്പുറം | 81 | 0 |
| 6 | വയനാട് | 49 | 0 |
| 7 | സ്പെഷ്യൽ സെൽ കോഴിക്കോട് | 31 | 8 |
| 8 | പാലക്കാട് | 222 | 12 |
| 9 | തൃശ്ശൂർ | 118 | 7 |
| 10 | മധ്യമേഖല എറണാകുളം | 407 | 38 |
| 11 | എറണാകുളം യൂണിറ്റ് | 241 | 69 |
| 12 | സ്പെഷ്യൽ സെൽ എറണാകുളം | 25 | 25 |
| 13 | ആലപ്പുഴ | 311 | 66 |
| 14 | ഇടുക്കി | 156 | 65 |
| 15 | കിഴക്കൻ മേഖല കോട്ടയം | 130 | 1 |
| 16 | കോട്ടയം യൂണിറ്റ് | 215 | 51 |
| 17 | പത്തനംതിട്ട | 98 | 0 |
| 18 | കൊല്ലം | 330 | 2 |
| 19 | ദക്ഷിണ മേഖല തിരുവനന്തപുരം | 50 | 2 |
| 20 | തിരുവനന്തപുരം യൂണിറ്റ് | 58 | 1 |
| 21 | സ്പെഷ്യൽ സെൽ തിരുവനന്തപുരം | 26 | 26 |
| 22 | സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്–1 | 158 | 4 |
| 23 | സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്–II | 55 | 0 |

* പരാതിക്കാരന്റെ നിജസ്ഥിതി വ്യക്തമാകാത്ത പരാതികളിൽ ഉള്ളടക്കത്തെ സംബന്ധിച്ച് വ്യക്തമായ പരിശോധന നടത്തിയതിന് ശേഷമെ നടപടി സ്വീകരിക്കുകയുള്ളു